തൊഴിലാളികളെക്കൂടി ഉൾപ്പെടുത്തുന്നതിനു വേണ്ടിയുള്ള സമ്മർദ്ദം ചെലുത്താൻ സംസ്ഥാന ഗവൺമെന്റ് ആഗ്രഹിക്കുകയാണ്. അങ്ങനെ ഗൾഫിലെ മലയാളി സുഹൃത്തുക്കൾ മുന്നോട്ടുവയ്ക്കുന്ന എല്ലാ പ്രശ്നങ്ങളിലും പരമാവധി താൽപ്പര്യം ഗവൺമെന്റ് എടുക്കും. ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച പ്രശ്നങ്ങളെല്ലാം അതീവ ഗൗരവത്തോടുകൂടി ഗവൺമെന്റ് ഏറ്റെടുത്ത് കേന്ദ്രത്തിൽ നിന്ന് അതിനെല്ലാം അംഗീകാരം വാങ്ങുന്നതിനുവേണ്ടി ശ്രമിക്കും എന്നു ഞാൻ ഈ അവസരത്തിൽ ഉറപ്പു പറയാൻ ആഗ്രഹിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. മുരളി: സർ, ഈ പ്രധാനപ്പെട്ട പ്രശ്നങ്ങൾ ഈ നടപ്പു സമ്മേളനം കഴിഞ്ഞാലുടൻ അങ്ങ് പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി അടിയന്തിരമായ പരിഹാരമുണ്ടാക്കാൻ നടപടി സ്വീകരിക്കുമെന്ന് പറഞ്ഞതിൽ നന്ദിയുണ്ട്. ഒരു കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്, ഗൾഫ് മലയാളികളുടെ ജീവൽപ്രധാനമായ ഈ പ്രശ്നങ്ങൾ നേരിട്ടുമനസ്സിലാക്കാൻവേണ്ടി അങ്ങ് ഗൾഫ് നാടുകൾ സന്ദർശിക്കാൻ തയ്യാറാകണമെന്നാണ്.

ശ്രീ. എ. കെ. ആന്റണി: ഗൾഫ് നാടുകൾ ഇതുവരെ സന്ദർശിച്ചിട്ടില്ലായെങ്കിലും ഗൾഫ് നാടുകളിലെ മലയാളികളുടെ എല്ലാ പ്രശ്നങ്ങളും എന്റെ മനസ്സിൽ ഏറ്റവും കാര്യമായി പതിഞ്ഞിട്ടുണ്ട്. കാരണം അവരാണ് കേരളത്തെ രക്ഷിക്കുന്നവർ. കേരളത്തിന്റെ സമ്പദ്ഘടനയെ പ്രധാനമായും സഹായിക്കുന്ന ഏറ്റവും വലിയ ഘടകം ഗൾഫ് മലയാളികളാണ്. അതുകൊണ്ട് അവരുടെ പ്രശ്നങ്ങൾ നമ്മുടെ പ്രശ്നങ്ങളാണ്; ഗവൺമെന്റിന്റെ പ്രശ്നങ്ങളാണ്. ഇവിടെയിരുന്നുകൊണ്ടുതന്നെ അതിനുവേണ്ടി എല്ലാ കാര്യങ്ങളും ചെയ്യും. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം പിന്നീട് നമുക്ക് ആലോചിക്കാം.

മി. സ്പീക്കർ: അങ്ങയെ ഒന്ന് അയയ്ക്കണമെന്ന് എന്നോടും അവർ പറഞ്ഞു.

VI സബ്മിഷൻ

(1) വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടുന്നതുമൂലമുള്ള പ്രശ്നങ്ങൾ

ശ്രീ. എ. കെ. ബാലൻ: സർ, ഇതൊരു കാളിംഗ് അറ്റൻഷൻ ആയിട്ട് എനിക്ക് തരേണ്ടതായിരുന്നു. ഇത് വളരെ പ്രധാനപ്പെട്ട ഒരു ഇഷ്യൂ ആണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പാലക്കാട് ജില്ലയിൽ കഞ്ചിക്കോട് വ്യവസായ മേഖലയിൽ 40 വൻകിട ഇടത്തരം സ്ഥാപനങ്ങളും, 150-ഓളം ചെറുകിട വ്യവസായ യൂണിറ്റുകളും പ്രതിസന്ധി കാരണം അടച്ചുപൂട്ടി. ഇതുമൂലം പതിനൊന്നായിരത്തോളം വരുന്ന തൊഴിലാളികൾ ഇപ്പോൾ പട്ടിണിയിലാണ്. ഈ സഭ നടക്കുന്ന അവസരത്തിലാണ് ബി.പി.എൽ. സാനിയോ കമ്പനി അടച്ചുപൂട്ടിയത്. ടാറ്റയുടെ

ബേസിക് ഫോൺ നിർമ്മാണ ഫാക്ടറി അടച്ചുപൂട്ടി, ടാറ്റയും സ്ഥലം വിട്ടു. കേന്ദ്ര പൊതുമേഖലയിലെ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് നൂറ്റിയെഴുപത്തിയഞ്ചു കോടി രൂപ ആസ്തിയുള്ള സ്ഥാപനമാണ്. നൂറ്റിയിരുപത് ഏക്കർ ഭൂമിയുണ്ട്. പതിനാറ് കോടി രൂപയ്ക്കാണ് ഈ സ്ഥാപനം എൽ ആന്റ് ടി കമ്പനിക്ക് വിൽക്കാൻ വേണ്ടി പോകുന്നത്. ഐ.ടി.ഐ. എന്നുപറയുന്ന പൊതുമേഖലാ സ്ഥാപനം ബി.എസ്.എൻ.എൽ.-ന് എക്സ്ചേഞ്ച് നിർമ്മിച്ചുകൊടുക്കുന്ന സ്ഥാപനമാണ്. പത്തു വർഷത്തിനുള്ളിൽ 525 കോടി രൂപ ലാഭമുണ്ടാക്കിയ ഈ സ്ഥാപനം നഷ്ടത്തിലാണെന്ന് പറഞ്ഞ് ബി.ഐ.എഫ്.ആർ.-ന് റഫർ ചെയ്യുകയാണ്. സ്റ്റേറ്റ് പൊതുമേഖലയിലെ കെ. ഇ. എൽ., വി.ആർ.എസ്. കൊടുത്ത് തൊഴിലാളികളെ പിരിച്ചുവിടാൻ പോകുകയാണ്. മലബാർ സിമന്റ്സ്, എൽ.ഡി.എഫ്. ഭരിക്കുന്ന സമയത്ത് ഇരുപത്തിരണ്ടു കോടി രൂപ ലാഭമുണ്ടാക്കിയ കമ്പനി, ഇപ്പോൾ പതിനാല് കോടി രൂപ നഷ്ടത്തിലാണ്. കേരളത്തിലെ പൊതുമേഖലയിലെ ഏക പഞ്ചസാര ഫാക്ടറി, ചിറ്റൂർ ഷുഗർ മില്ലിൽ കഴിഞ്ഞ ഒരു വർഷമായി തൊഴിലാളികൾക്ക് ശമ്പളമില്ല, ലേ ഓഫ് ആണ്. 2003 ജനുവരി മുന്നിന് തുടങ്ങിയ സമരം ഇപ്പോഴും തുടരുകയാണ്. അഞ്ഞൂറ് തൊഴിലാളികളും, കരിമ്പ് കൊടുക്കുന്ന അയ്യായിരം കൃഷിക്കാരും, പതിനായിരത്തോളം വരുന്ന കർഷകത്തൊഴിലാളികളും ബുദ്ധിമുട്ടിലാണ്. അവർക്ക് ജീവിക്കാൻ മറ്റ് മാർഗ്ഗമില്ല. ഇവിടെ നിന്ന് ഉൽപ്പാദിപ്പിക്കുന്ന ഇ.എൻ.എ. (എക്സ്ട്രാ ന്യൂട്രൽ ആൾക്കഹോൾ) ബീവറേജസ് കോർപ്പറേഷൻ എടുത്തുകഴിഞ്ഞാൽ ഈ പ്രശ്നം തീരും. വ്യവസായ വകുപ്പുമന്ത്രി കഴിഞ്ഞ ഫെബ്രുവരി 14-ാം തീയതി ഈ സഭയ്ക്ക് ഉറപ്പു നൽകിയതാണ്; ബീവറേജസ് കോർപ്പറേഷന് ഈ സ്ഥാപനം വിട്ടുകൊടുക്കാൻ തയ്യാറാണെന്ന്. ഇതുവരെ ബീവറേജസ് കോർപ്പറേഷന് ആ സ്ഥാപനം കൊടുത്തിട്ടില്ല; സൺമൈറ്റൽ പൂട്ടിയതിന്റെ ഫലമായി രാമദാസ് എന്നുപറയുന്ന തൊഴിലാളി വൃക്ക വിൽക്കാൻ പത്രത്തിൽ പരസ്യം നൽകി. മദ്രാസ് സ്പിന്നേഴ്സിലെ ആരോഗ്യസ്വാമി ശവപ്പെട്ടി വിൽക്കുകയാണ്. അവിടെയുള്ള തങ്കവേലു ആത്മഹത്യ ചെയ്തു. മണി ചികിൽസ കിട്ടാതെ മരിച്ചു. കുട്ടികൾക്ക് പഠിക്കാൻ കഴിയുന്നില്ല. ഇരുപത്തിയേഴു പെൺകുട്ടികളുടെ വിവാഹാലോചന മുടങ്ങി. പാലക്കാട്ടെ കൃഷിക്കാരും തൊഴിലാളികളും എന്ത് പാപം ചെയ്തു? ഇത് ജനങ്ങൾ സഹിക്കില്ല. മന്ത്രിയുടെ ഉദ്ദേശ്യശുദ്ധിയെ ഞാൻ ചോദ്യം ചെയ്യുന്നില്ല. ഇതിന് മറുപടി പറയേണ്ടത് വ്യവസായവകുപ്പുമന്ത്രിയാണ്. തൊഴിൽ മന്ത്രിക്ക് ഇതിനകത്ത് ഒന്നും ചെയ്യാൻ കഴിയില്ല. ഒരു സംതൃപ്തിക്കുവേണ്ടി അദ്ദേഹം മറുപടി പറയുന്നു എന്നുമാത്രം. ഇതുകൊണ്ട് ഒരു പ്രശ്നവും പരിഹരിക്കാൻ പോകുന്നില്ല. ഈ ദുരവസ്ഥ പരിഹരിക്കുന്നതിന് ബഹുമാനപ്പെട്ട സ്പീക്കർ തന്നെ ബന്ധപ്പെട്ട വകുപ്പുമന്ത്രിക്ക് ഒരു നിർദ്ദേശം കൊടുക്കണം, എന്തെങ്കിലും ഇക്കാര്യത്തിൽ ചെയ്യണം.

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): സർ, ബഹുമാനപ്പെട്ട എ. കെ. ബാലൻ സൂചിപ്പിച്ചത് വളരെ ഗൗരവമുള്ള കാര്യങ്ങളാണ്. അദ്ദേഹം ഇങ്ങനെ പറഞ്ഞെങ്കിലും, ആയിരക്കണക്കിന് തൊഴിലാളികളുടെ നീറുന്ന വികാരങ്ങളാണ് ഇവിടെ പ്രകടിപ്പിച്ചത്. അതുകൊണ്ട് തൊഴിൽ വകുപ്പുമന്ത്രി എന്ന നിലയിലുള്ള വികാരത്തോടുകൂടി എനിക്ക് പറയാനുള്ളത് ഇത് പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് നമുക്ക് കൂടിയാലോചിക്കണം എന്നാണ്. നമ്മുടെ സംസ്ഥാനത്തെ പല വ്യവസായങ്ങളും പൂട്ടുന്ന സ്ഥിതിവിശേഷം ഉണ്ടായിട്ടുണ്ട്. പല മേഖലകളിലും പ്രതിസന്ധി നിലനിൽക്കുന്നുണ്ട്. പ്രത്യേകിച്ചും അദ്ദേഹം ചൂണ്ടിക്കാണിച്ച രണ്ടുമൂന്ന് ഫാക്ടറികളിൽ. ഇൻസ്ട്രുമെന്റേഷൻ കമ്പനി എൽ ആന്റ് ടി-ക്ക് വിൽക്കുന്നുണ്ടെങ്കിലും തുടർന്നും അത് നടത്തിക്കൊണ്ടുപോകാൻ തന്നെയാണ് എൽ ആന്റ് ടി ഏറ്റെടുക്കുന്നത്. അതുപോലെ ബി.പി.എൽ. സാനിയോയുടെ കാര്യം പറഞ്ഞു. ബി.പി.എൽ. സാനിയോ നടത്തിക്കൊണ്ടിരിക്കുന്ന ടെലഫോൺ നിർമ്മാണത്തെക്കുറിച്ച് പറയുകയുണ്ടായി. ടെലിവിഷനും ഉണ്ടാക്കുന്നുണ്ട്. ടെലിഫോൺ കമ്പനി പൂട്ടാനായിട്ട് നോട്ടീസ് കൊടുത്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് പലപ്പോഴും ചർച്ച നടത്തിയിട്ടുണ്ട്. ഈ വ്യവസായങ്ങൾ പൂട്ടാൻ പല കാരണങ്ങളാണ്. ഈ കാരണങ്ങളെല്ലാം പരിഹരിക്കാൻ നമുക്ക്, അവ നിലനിന്നതുകൊണ്ടുമാത്രം കഴിയുന്നതല്ല. നമുക്ക് കൂട്ടായി ഈ കാര്യങ്ങൾ സംബന്ധിച്ച് ആലോചിക്കാനുണ്ട്. പ്രയാസപ്പെടുന്ന തൊഴിലാളികളെ സഹായിക്കാൻ എന്തെല്ലാം ചെയ്യാൻ കഴിയുമെന്നതിനെ സംബന്ധിച്ചാണ് ഇപ്പോൾ ആലോചിക്കേണ്ടത്. പാലക്കാട് മേഖലയിൽ നാന്നൂറ്റിഇരുപതോളം വ്യവസായ സ്ഥാപനങ്ങളിൽ ഇതുപോലെയുള്ള പ്രശ്നങ്ങളുണ്ട്. ആ ഇൻഡസ്ട്രിയൽ ബെൽറ്റ് ഇന്ന് വളരെ ഗുരുതരമായ സ്ഥിതിയിലാണ്. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയും ഇതുമായി ബന്ധപ്പെട്ട് ചർച്ച നടത്തി. തുടർ ചർച്ചകളും നടത്തി. തുടർന്ന് പ്രവർത്തിപ്പിക്കാൻ കഴിയുന്ന സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കാൻ പരമാവധി ശ്രമിക്കുന്നതും അതോടൊപ്പം അടച്ചുപൂട്ടി കിടക്കുന്ന സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾക്ക് അല്പമെങ്കിലും ആശ്വാസം പകരാൻ ഈ വർഷത്തെ ബഡ്ജറ്റിൽ--ശ്രീ. എ. കെ. ബാലൻ അടക്കമുള്ളവർ ഈ ആശ്വാസത്തെക്കുറിച്ച് പറഞ്ഞില്ല—ഒരു റീഹാബിലിറ്റേഷൻ ഫണ്ട് പ്രപ്പോസ് ചെയ്തിട്ടുണ്ട്. ഇതുപോലെയുള്ള തൊഴിലാളികൾക്ക് ആശ്വാസം പകരുന്നതിന് തുച്ഛമായ ഒരു തുകയെങ്കിലും, പെൻഷനടക്കം ഇന്ററീം റിലീഫടക്കം നൽകുന്നതിന് ഒരു റീഹാബിലിറ്റേഷൻ ഫണ്ട് ബഡ്ജറ്റിൽ പ്രൊപ്പോസ് ചെയ്തിട്ടുണ്ട്. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന കമ്പനികളിൽനിന്നും പണം സമാഹരിച്ചുകൊണ്ട് ബുദ്ധിമുട്ടനുഭവിക്കുന്ന തൊഴിലാളികൾക്ക് ആശ്വാസം പകരാനുള്ള ഫണ്ട്, റിലീഫ് ഫണ്ടിൽനിന്നും നൽകാൻ കഴിയും. കൂട്ടായ ചർച്ചയിലൂടെ മാത്രമേ പ്രശ്നങ്ങൾക്ക് ശാശ്വതപരിഹാരം കാണാൻ കഴിയൂ. പാലക്കാട്ടെ പ്രശ്നം ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രിയും ധനകാര്യവകുപ്പുമന്ത്രിയും അങ്ങും ഒക്കെക്കൂടി ചർച്ചചെയ്ത് ഏതെല്ലാം വ്യവസായങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കാൻ കഴിയുമെന്നത് പരിശോധിച്ച് പരിഹാരം കാണുന്നതിന് വളരെ ഗൗരവമായിത്തന്നെ ഗവൺമെന്റ് ശ്രമിക്കും.

LIBRARY ARCHIVES Kerala Legislative Assembly